# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.144** — **08.06.2018-ൽ മറുപടിയ്ക്ക്**

## സമ്പൂർണ്ണ ശുചിത്വ കേരളം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.ഡി.പ്രസേനൻ<br>,, എ.പ്രദീപ്കുമാർ<br>,, കെ.ജെ.മാക്സി<br>,, എസ്.രാജേന്ദ്രൻ | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി |
| (എ) വെളിയിട വിസർജ്ജന വിമുക്ത സംസ്ഥാനമെന്ന അഭിമാനാർഹമായ നേട്ടത്തിന്റെ അടുത്ത പടിയെന്ന നിലയിൽ സമ്പൂർണ്ണ ശുചിത്വ കേരളമെന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിന് നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) a) സമ്പൂർണ്ണ ശുചിത്വ കേരളമെന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന്റെ ഭാഗമായി ഒ.ഡി.എഫ്. സുസ്ഥിരത നിലനിർത്തുന്നതിനും സുരക്ഷിത മാലിന്യ പരിപാലനം ഉറപ്പാക്കുന്നതിനുമായി പ്രധാനമായും താഴെ പറയുന്ന നടപടികൾ സംസ്ഥാനത്ത് സ്വീകരിച്ചുവരുന്നു.<br>1. സംസ്ഥാന സർക്കാരിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും വിവിധ പദ്ധതികളുടെ കീഴിൽ നിർമ്മിക്കപ്പെടുന്ന പുതിയ വീടുകളോടനുബന്ധിച്ച് ശൗചാലയങ്ങൾ നിർബന്ധമാക്കുക.<br>2. കേടുപാടുകളുള്ള ഗാർഹിക ശൗചാലയങ്ങൾ ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തി ഉപയോഗ യോഗ്യമാക്കി മാറ്റുക, ഒറ്റക്കുഴി കക്കൂസുകളെ ഇരട്ടക്കുഴി കക്കൂസുകളാക്കുക.<br>3. പൊതു സ്ഥലങ്ങളിൽ ആവശ്യമായ പൊതു ശൗചാലയങ്ങൾ പണിയുക.<br>4. സ്കൂൾ, അങ്കണവാടികൾ എന്നിവിടങ്ങളിൽ ശൗചാലയങ്ങൾ ആവശ്യമായത്ര എണ്ണം ഉറപ്പാക്കുക.<br>5. സുസ്ഥിരമായ വെളിയിട വിസർജ്ജന വിമുക്ത സംസ്കാരം നിലനിർത്തുന്നതടക്കമുള്ള ബോധവൽക്കരണത്തിനായി ദൃശ്യ-ശ്രാവ്യ-അച്ചടി മാധ്യമങ്ങൾ മുഖേനയും വിവര-വിജ്ഞാപന-വ്യാപന പ്രവർത്തനങ്ങളും പരിശീലനങ്ങളും സംഘടിപ്പിക്കുക.<br>6.ജൈവമാലിന്യം ഉറവിടത്തിൽ തന്നെ സുരക്ഷിതമായി സംസ്കരിക്കുന്നതിനുള്ള ഉറവിട മാലിന്യ സംസ്കരണ പദ്ധതികൾ ഗാർഹിക, സ്ഥാപന, കമ്മ്യൂണിറ്റി തലങ്ങളിൽ കാര്യക്ഷമമായി നടപ്പിലാക്കി വരുന്നു.<br>7. കേന്ദ്രീകൃത മാലിന്യ സംസ്കരണം നടത്തുന്നതിന്റെ ഭാഗമായി തെരഞ്ഞെടുത്ത സ്ഥലങ്ങളിൽ "വേസ്റ്റ് ടു എനർജി" പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്<br>8. കേരളത്തിലെ മാലിന്യ പ്രശ്നങ്ങൾക്ക് സുസ്ഥിരമായ പരിഹാരം കാണുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്ത് രൂപീകരിച്ചിട്ടുള്ള ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ ഫീൽഡ്തല പ്രവർത്തനങ്ങൾ നടത്തുന്നതിനായി ഹരിതകർമ്മ സേനയെ പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്<br>9. അജൈവ മാലിന്യ സംസ്കരണത്തിനായി സംസ്ഥാനത്ത് |

| | |
|---|---|
| | തദ്ദേശസ്വയംഭരണ സ്ഥാപനതലങ്ങളിൽ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (എം.സി.എഫ്.), റിസോഴ്സ് റിക്കവറി ഫെസിലിറ്റി (ആർ.ആർ.എഫ്.), പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ എന്നിവയും സ്ഥാപിച്ചു വരുന്നു<br>10. മാലിന്യത്തിന്റെ അളവു കുറയ്ക്കുക, വസ്തുക്കൾ പരമാവധി പുനരുപയോഗിക്കുകയെന്ന തത്വത്തിലധിഷ്ഠിതമായി ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>11. ക്ലീൻ കേരള കമ്പനി മുഖേന സംസ്ഥാനത്ത് ഇലക്ട്രോണിക് മാലിന്യ സംസ്കരണ പദ്ധതി നടപ്പിലാക്കി വരുന്നു. |
| (ബി) ഉറവിടമാലിന്യ സംസ്കരണത്തിനും കേന്ദ്രീകൃതമാലിന്യ സംസ്കരണത്തിനും അജൈവമാലിന്യ സംസ്കരണത്തിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രാവർത്തികമാക്കുന്ന പദ്ധതിയുടെ വിശദാംശം അറിയിക്കാമോ; | (ബി) ഉറവിട ജൈവമാലിന്യ സംസ്കരണത്തിനായി ഗാർഹിക, സ്ഥാപനതലങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന കമ്പോസ്റ്റിങ്, ബയോമെതനേഷൻ സാങ്കേതിക വിദ്യകളിലധിഷ്ഠിതമായ സംവിധാനങ്ങൾ (പൈപ്പ് കമ്പോസ്റ്റ്. കിച്ചൻബിൻ, പിറ്റ്, ട്രൈബിൻ തുടങ്ങിയ കമ്പോസ്റ്റിങ് യൂണിറ്റുകൾ, ബയോഗ്യാസ് പ്ലാൻറുകൾ) ഉപയോഗിച്ചു വരുന്നു.<br>കമ്മ്യൂണിറ്റി തലത്തിൽ തുമ്പൂർമുഴി മാതൃക എയറോബിക് കമ്പോസ്റ്റിങ് ബിന്നുകളും കൂടുതൽ ശേഷിയുള്ള ബയോഗ്യാസ് പ്ലാൻറുകളും സ്ഥാപിച്ചു വരുന്നു. കേന്ദ്രീകൃത മാലിന്യ സംസ്കരണത്തിനായി "വേസ്റ്റ് ടു എനർജി" പ്രോജക്ടുകളും വിൻഡ്രോ കമ്പോസ്റ്റിങ് പ്ലാൻറുകളും സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. അജൈവ മാലിന്യം സംസ്കരിക്കുന്നതിനുള്ള പശ്ചാത്തല സൗകര്യങ്ങളായ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (എം.സി.എഫ്.), എല്ലാ ഗ്രാമ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷനുകളിലും റിസോഴ്സ് റിക്കവറി ഫെസിലിറ്റി (ആർ.ആർ.എഫ്.) ക്ലസ്റ്റർ അടിസ്ഥാനത്തിലും സ്ഥാപിച്ചു വരുന്നു. വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും അജൈവ മാലിന്യം ശേഖരിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ ഹരിതകർമ്മ സേനയെ സജ്ജമാക്കി വരുന്നു. ക്ലീൻ കേരള കമ്പനിയുടെ ഉത്തരവാദിത്വത്തിലാണ് അജൈവമാലിന്യം കൈമാറ്റം ചെയ്യപ്പെടുന്നത്. പുനഃചംക്രമണ വിധേയമാക്കുവാൻ കഴിയാത്ത പ്ലാസ്റ്റിക് ഷ്രെഡ്ഡു ചെയ്ത് റോഡ് ടാറിംഗിനായി ഉപയോഗിക്കുന്നുണ്ട് |
| (സി) പ്ലാസ്റ്റിക്, ഇ-മാലിന്യങ്ങൾ തുടങ്ങിയ അജൈവമാലിന്യങ്ങൾ ശേഖരിക്കുന്നതിനും സംസ്കരിക്കുന്നതിനും ഫലപ്രദമായ പദ്ധതിയുണ്ടോ; ക്ലീൻ കേരള കമ്പനിയുടെ പ്രവർത്തനം വിശദമാക്കാമോ? | (സി) തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിലുള്ള ഹരിതകർമ്മസേനയുടെ പ്രധാന പ്രവർത്തനങ്ങളിൽ ഒന്നാണ് എല്ലാ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും യൂസർഫീയുടെ അടിസ്ഥാനത്തിൽ നിശ്ചിത ഇടവേളകളിൽ അജൈവമാലിന്യം (പ്ലാസ്റ്റിക്, ഇ-വേസ്റ്റ്) ശേഖരിക്കുകയെന്നത്. വീടുകളിൽ നിന്നും പ്ലാസ്റ്റിക് മാലിന്യം മാസത്തിലൊരിക്കലും, ഇ-വേസ്റ്റ് ആറ് മാസത്തിലൊരിക്കലും ഹരിതകർമ്മസേന ശേഖരിക്കുന്നതാണ്. ഇത്തരത്തിൽ ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യം, ഇ-മാലിന്യം എന്നിവ ക്ലീൻ കേരള കമ്പനിയുടെ ചുമതലയിൽ സുരക്ഷിത സംസ്കരണം ഉറപ്പാക്കുന്നതിനായി അംഗീകൃത മാലിന്യ സംസ്കരണ ഏജൻസികൾക്ക് കൈമാറ്റം ചെയ്യുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. |

സംസ്ഥാനത്ത് പ്ലാസ്റ്റിക്, ഇ-വേസ്റ്റ് എന്നീ അജൈവ മാലിന്യങ്ങളുടെ സംസ്കരണം ഫലപ്രദമായി നടപ്പിലാക്കുക എന്ന ഉദ്ദേശത്തോടുകൂടിയാണ് ക്ലീൻ കേരള കമ്പനി രൂപീകരിച്ചിട്ടുള്ളത്. തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ പ്ലാസ്റ്റിക് ഷ്രെഡിങ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള സാങ്കേതിക സഹായം ലഭ്യമാക്കുന്നത് ക്ലീൻ കേരള കമ്പനി മുഖേനയാണ്. ഇത്തരത്തിൽ സ്ഥാപിക്കുന്ന പ്ലാസ്റ്റിക് ഷ്രെഡിങ് യൂണിറ്റുകളിൽ ഷ്രെഡ് ചെയ്യുന്ന പ്ലാസ്റ്റിക്കിന്റെ വിപണനം ക്ലീൻ കേരള കമ്പനി മുഖേന നടത്തപ്പെടുന്നു. കേന്ദ്ര സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡുകളുടെ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന ഇ.ടെണ്ടറിലൂടെ കണ്ടെത്തിയ കമ്പനിയുമായി കരാറിൽ ഏർപ്പെട്ടു കൊണ്ടാണ് സംസ്ഥാനത്ത് ഇലക്ട്രോണിക് മാലിന്യ സംസ്കരണ പദ്ധതി ക്ലീൻ കേരള കമ്പനി നടപ്പിലാക്കുന്നത്. കൂടാതെ മൂല്യ വർദ്ധിത സേവനമെന്ന നിലയിൽ റൂൾ അനുസരിച്ച് 'ആപൽകരം' പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള ട്യൂബ് ലൈറ്റുകൾ, സിഎഫ്എൽ, പ്രിൻറർ കാട്രിഡ്ജുകൾ എന്നിവ ക്ലീൻ കേരള കമ്പനി ഇ-മാലിന്യങ്ങളുടെ കൂടെ ശേഖരിച്ച് ശാസ്ത്രീയമായി സംസ്കരിക്കുന്നു.

സെക്ഷൻ ഓഫീസർ